Break the chain
കൈവിടാതിരിക്കാം... കൈ കഴുകൂ...

തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

## സംഗ്രഹം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - കോവിഡ്-19 ജാഗ്രതാസമിതി തീരുമാനങ്ങൾ - ഉത്തരവായി പുറപ്പെടുവിക്കുന്നു.

---

**ഭരണവിഭാഗം**

**നമ്പർ: 698/എ1/2020/അഡ്മിൻ.** **തിരൂർ: തീയതി 20.04.2021**

---

പരാമർശം:- 19.04.2021 ലെ കോവിഡ് ജാഗ്രതാസമിതി തീരുമാനങ്ങൾ.

## ഉത്തരവ്

സംസ്ഥാനത്ത് കോവിഡ് വ്യാപനം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ, കോവിഡ് ജാഗ്രതാ സമിതി യോഗം ചേരുകയും വിശദമായ ഓൺലൈൻ/ഓഫ്‌ലൈൻ ചർച്ചകൾക്കുശേഷം വ്യാപനം തടയുന്നത് സംബന്ധിച്ച് പരാമർശ പ്രകാരം പ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

2) കോവിഡ് ജാഗ്രതാസമിതി തീരുമാനങ്ങൾ നടപ്പിലാക്കാൻ വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

- കോവിഡ്-19 രണ്ടാം ഘട്ട വ്യാപനം രൂക്ഷമായതിനാൽ ഓഫ്‌ലൈൻ സ്പെഷ്യൽ ക്ലാസുകൾ നടത്തുന്നതിന് 21.04.2021 മുതൽ അനുമതി നൽകുന്നതല്ല. എന്നാൽ ഓൺലൈൻ സ്പെഷ്യൽ ക്ലാസുകൾ തുടരാം.
- 21.04.2021 മുതൽ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെയും ഹോസ്റ്റലുകൾ അടച്ചിടേണ്ടതാണ്. 20.04.2021 ന് വൈകുന്നേരത്തിനുള്ളിൽ എല്ലാ വിദ്യാർത്ഥികളും ഹോസ്റ്റൽ ഒഴിഞ്ഞു പോകേണ്ടതാണ്.
- ലൈബ്രറിയിൽ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ കുട്ടികളെ പ്രവേശിപ്പിക്കുന്നതല്ല. ലൈബ്രറിയിൽ സ്റ്റോക്കെടുപ്പ് നടത്തേണ്ടതുള്ളതിനാൽ ജീവനക്കാർ ഹാജരാകേണ്ടതാണ്.
- വിദ്യാർത്ഥികൾക്ക് അത്യാവശ്യ കാര്യങ്ങൾക്കൊഴികെ തൽക്കാലം കാമ്പസിൽ പ്രവേശനമുണ്ടായിരിക്കുന്നതല്ല.
- മാധ്യമപഠന, ചലച്ചിത്രപഠന, പരിസ്ഥിതിപഠന സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനത്തിന് ഓഫ്‌ലൈൻ സ്പെഷ്യൽ ക്ലാസുകൾ നടത്തുന്ന വിവരം ഡയറക്ടർമാർ അവരെ പ്രത്യേകം അറിയിക്കേണ്ടതാണ്. ഇതിനായി ഉണ്ടാക്കിയ ഷെഡ്യൂൾ രജിസ്ട്രാർക്ക് മുൻകൂട്ടി നൽകുകയും വേണം. ക്ലാസ് നടത്തുന്ന ദിവസം, സമയം, പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം, അധ്യാപകരുടെ എണ്ണം എന്നിവ ഷെഡ്യൂളിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്.
- പ്രായോഗിക പരിശീലന ക്ലാസുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റലിൽ താമസം ഏർപ്പെടുത്തേണ്ട സാഹചര്യത്തിൽ ആവശ്യമായ സജ്ജീകരണങ്ങൾ പിന്നീട് ചെയ്യുന്നതാണ്.

- മാസ്ക് ധരിക്കൽ, ഹാൻഡ് സാനിറ്റൈസർ ഉപയോഗിക്കൽ, സാമൂഹിക അകലം പാലിക്കൽ എന്നിവയിൽ യാതൊരു അലംഭാവവും ഉണ്ടാകാൻ പാടില്ല. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനനടപടിയെടുക്കുന്നതാണ്.
- മേൽ തീരുമാനങ്ങൾ ശനിയാഴ്ച (24.04.2021) പുനരവലോകനം ചെയ്യുന്നതാണ്.

രജിസ്ട്രാർ

പകർപ്പ്:

വി.സി. കാര്യാലയം/കോവിഡ് ജാഗ്രതാ സമിതി അംഗങ്ങൾ/
ഫിനാൻസ് വിഭാഗം/അക്കൗണ്ട്സ് വിഭാഗം/
പരീക്ഷാവിഭാഗം/ജെ.ഡി., കെ.എസ്.എ.ഡി. മലയാളസർവകലാശാല/
ലൈബ്രറി/പ്രസിദ്ധീകരണവിഭാഗം/പി.ആർ.ഒ/എസ്റ്റേറ്റ് ഓഫീസർ/
ആഫീസ് രേഖ/കരുതൽ രേഖ